പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :3920 21.06. 2019 ൽ മറുപടിക്ക്

# സംസ്ഥാന വൈദ്യുതി ബോർഡിന്റെ ഓൺലൈൻ സേവനങ്ങൾ

ചോദ്യം ഉത്തരം

ശ്രീ.ആർ.രാമചന്ദ്രൻ ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) സംസ്ഥാന വൈദ്യുതി ബോർഡിന്റെ ഏതെല്ലാം പേയ്മെന്റുകൾ ഓൺലൈനായി അടയ്ക്കാൻ കഴിയുമെന്ന് വിശദീകരിക്കുമോ ; | (എ) വൈദ്യുതി ബോർഡിലെ ഉപഭോക്താക്കളുടെ പ്രതിമാസ ദ്വൈമാസ ഇലക്ട്രിസിറ്റി ബില്ലുകളുടെ പേയ്-മെന്റുകൾ എല്ലാം ഓൺലൈനായി അടയ്ക്കുന്നതിനുള്ള സൗകര്യം ലഭ്യമാണ്. ഉപഭോക്താക്കളുടെ വാർഷിക എ.സി.ഡി (അഡിഷണൽ ക്യാഷ് ഡെപ്പോസിറ്റ്) ബില്ലുകളും ഓൺലൈനായി അടയ്ക്കുന്നതിനുള്ള സൗകര്യം ലഭ്യമാണ്. പുതിയ സർവ്വീസ് കണക്ഷനു വേണ്ട അപേക്ഷാ ഫീസ്, പോസ്റ്റ് ആവശ്യമില്ലാത്ത ക്യാഷ് ഡെപ്പോസിറ്റ്, എസ്റ്റിമേറ്റ് തുക എന്നീ പേയ്മെന്റുകളും ഓൺ ലൈനായി അടയ്ക്കുന്നതിനുള്ള സൗകര്യം ലഭ്യമാണ്. |
| (ബി) വൈദ്യുതി കണക്ഷനുള്ള അപേക്ഷകൾ ഓൺലൈനായി സ്വീകരിക്കുന്നതിന് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ; | (ബി) പുതിയ കണക്ഷൻ ആവശ്യമുള്ള ഉപഭോക്താവിന് അപേക്ഷ ഓൺലൈനിൽ നൽകാനും അപേക്ഷാ ഫീസ് ഓൺലൈനിൽ അടയ്ക്കാനും ഉള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കണക്ഷനു വേണ്ടി പോസ്റ്റ് ആവശ്യമില്ലാത്ത ഗാർഹിക ഉപഭോക്താക്കൾക്കും മറ്റ് ലോ-ടെൻഷൻ ഉപഭോക്താക്കൾക്കും അപേക്ഷാ ഫീസിനോടൊപ്പം സെക്യൂരിറ്റി ഡെപ്പോസിറ്റും സർവ്വീസ് കണക്ഷന് വേണ്ടിയുള്ള ചെലവും ഓൺലൈനിൽ തന്നെ അടയ്ക്കാൻ കഴിയും. അപേക്ഷയുടെ പ്രിന്റൗട്ടും, അപേക്ഷകന്റെ ഫോട്ടോയും മറ്റു രേഖകളും കണക്ഷൻ നൽകാൻ വരുന്ന കെ.എസ്.ഇ.ബി ഉദ്യോഗസ്ഥന്റെ കൈവശം ഏൽപ്പിച്ചാൽ മതിയാകും. സെക്യൂരിറ്റി ഡെപ്പോസിറ്റ് സർവ്വീസ് കണക്ഷന് വേണ്ടിയുള്ള ചെലവും സ്ഥല പരിശോധനയ്ക്ക് ശേഷം ഇ-മെയിൽ വഴിയും, എസ്.എം.എസ് വഴിയും അറിയിക്കുന്നതാണ്. ഈ തുക കെ.എസ്.ഇ.ബി യുടെ എല്ലാ സെക്ഷൻ ഓഫീസുകൾ വഴിയും അടയ്ക്കാൻ കഴിയും. വൈദ്യുതി കണക്ഷന് അപേക്ഷ നൽകിയത് മുതൽ വൈദ്യുതി കണക്ഷന് ലഭിക്കുന്നത് വരെയുള്ള വിവരങ്ങൾ എസ്.എം.എസ് വഴി ഉപഭോക്താക്കളെ അറിയി ക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. |

| | |
|---|---|
| (സി) വൈദ്യുതി തകരാറുകൾ, തടസ്സങ്ങൾ തുടങ്ങിയവ ബോർഡിനെ അറിയിക്കുന്നതിന് മൊബൈൽ ആപ്പ് നിലവിലുണ്ടോ; വിശദീകരിക്കുമോ ? | (സി) വൈദ്യുതി തകരാറുകൾ, തടസ്സങ്ങൾ എന്നിവ ബോർഡിനെ അറിയിക്കുന്നതിന് പ്രത്യേക മൊബൈൽ ആപ്പ് നിലവിലില്ല. |

സെക്ഷൻ ഓഫീസർ